**കേരള സർക്കാർ**
**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം.**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2396 13.02.2013-ൽ മറുപടിയ്ക്ക്**

**കേന്ദ്ര നികുതി വരുമാനത്തിന്റെ അമ്പതു ശതമാനം സംസ്ഥാനങ്ങൾക്ക് പങ്ക് വെക്കണമെന്ന ആവശ്യം**

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.പി.രാമകൃഷ്ണൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) കേന്ദ്ര നികുതി വരുമാനത്തിന്റെ അമ്പതു ശതമാനം സംസ്ഥാനങ്ങൾക്ക് പങ്കു വെക്കണമെന്ന ആവശ്യം ഉന്നയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) പതിനാലാം ധനകാര്യ കമ്മീഷനു നൽകുന്ന നിവേദനത്തിൽ ഇക്കാര്യം ആവശ്യപ്പെടുമോ; | കേന്ദ്ര നികുതിയുടെ യുക്തിസഹമായ പങ്ക് വയ്ക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫലപ്രദമായി ധനകാര്യകമ്മീഷൻ മുൻപാകെ അവതരിപ്പിക്കുവാൻ ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷനു മുൻപിൽ അവതരിപ്പിക്കേണ്ടുന്ന സംസ്ഥാനത്തിന്റെ ആവശ്യങ്ങളും നിർദ്ദേശങ്ങളും സംബന്ധിച്ച് സ്വീകരിക്കേണ്ടുന്ന സമീപനവും തന്ത്രവും ഈ കമ്മിറ്റി പരിശോധിച്ചു വരുന്നു. |
| (സി) കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളിൽ അസന്തുലിതാവസ്ഥ ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പരിണിത ഫലം സംസ്ഥാനം അനുഭവിക്കുന്നത് ഏതെല്ലാം നിലയിലാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ഭരണഘടനാ പ്രകാരം വിഭവ സമാഹരണത്തിന് കേന്ദ്രത്തിന് കൂടുതൽ സാധ്യതകൾ ഉള്ളപ്പോൾ കൂടുതൽ ചെലവ് സംബന്ധമായ ഉത്തരവാദിത്വങ്ങൾ നിർവഹിക്കേണ്ട ബാധ്യത സംസ്ഥാനങ്ങൾക്കാണ്. സംസ്ഥാനങ്ങളുടെ വർദ്ധിച്ച ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിറവേറ്റുന്നതിന് കേന്ദ്രത്തിൽ നിന്നും കൂടുതൽ വിഭവങ്ങൾ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇത്തരത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സന്തുലിതമായ വിഭവ വിഭജനം ധനകാര്യ കമ്മീഷനുകളുടെ അധികാരപരിധിയിൽപ്പെടുന്ന വിഷയമാണ്. |

| | |
|---|---|
| | എന്നാൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്കുള്ള വിഭവ കൈമാറ്റം പ്രതീക്ഷിച്ച തോതിൽ നടക്കാത്തതുമൂലം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹ്യ മേഖലകളിൽ വേണ്ടത്ര ഇടപെടലുകൾ നടത്തുന്നതിന് സംസ്ഥാനങ്ങൾക്ക് കഴിയാതെ വരുന്ന സാഹചര്യമുണ്ട്. ധനകാര്യ കമ്മീഷനുകൾ ഗ്രാന്റുകളും മറ്റും സംസ്ഥാനങ്ങൾക്ക് കൈമാറുന്നതിന് കർശനമായ വ്യവസ്ഥകൾ ഏർപ്പെടുത്തുന്നത് സംസ്ഥാനങ്ങളുടെ വിഭവ ലഭ്യതയെ കാര്യമായി ബാധിക്കുന്നുണ്ട്. ഫിസ്ക്കൽ കൺസോളിഡേഷന്റെ ഭാഗമായി റവന്യൂ കമ്മി, ധനകമ്മി, കടം എന്നിവയ്ക്ക് ഏകപക്ഷീയമായ പരിധി നിശ്ചയിക്കുന്നത് വികസന ചെലവുകളെ കുത്തനെ വെട്ടിക്കുറയ്ക്കുന്നതിന് സംസ്ഥാനങ്ങളെ പ്രേരിപ്പിക്കുന്നുണ്ട്. |
| (ഡി) ഇതു പരിഹരിച്ചു കിട്ടുന്നതിന് ശ്രമം നടത്തുമോ; | കൂടുതൽ വിഭവ വിഭജനം ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഫലപ്രദമായി പതിനാലാം ധനകാര്യകമ്മീഷൻ മുൻപാകെ അവതരിപ്പിക്കുന്നതാണ്. |
| (ഇ) പതിനാലാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റെഫറൻസ് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (എഫ്) അതിലെ ഏതെല്ലാം സമീപനങ്ങളാണ് സംസ്ഥാന താല്പര്യത്തിന് വിരുദ്ധമാണെന്ന് കരുതുന്നത്; വിശദമാക്കുമോ; | മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി, ടേംസ് ഓഫ് റെഫറൻസിലെ വിഷയങ്ങൾ പരിശോധിച്ചു വരികയാണ്. |

അക്കൗണ്ട്സ് ഓഫീസർ